1

26/7/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 443(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

(ഫയൽ നമ്പർ: 7410/SIC-G4/2022)

(ഉത്തരവുകൾ sic.kerala.gov.in ൽ ലഭ്യമാണ്)

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 ജൂലൈ 21

Sri. Jayesh K.,
'Swasthi',
Poolott Paramba,
Edakkad P.O., Edakkad,
Kozhikkode – 673 104.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അണ്ടർ സെക്രട്ടറി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
പട്ടം, തിരുവനന്തപുരം – 695 004.

2) അപ്പീൽ അധികാരി &
ജോയിന്റ് സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ),
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
പട്ടം, തിരുവനന്തപുരം – 695 004.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 09/11/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 06/12/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 27/12/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 20/01/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 12/05/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 18/05/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 24/05/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 09/06/2022 |
| ഹിയറിംഗ് നടന്ന തീയതി | [illegible]/07/2022 വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ: | ഹാജരായി |
| എതിർകക്ഷികൾ | ഹാജരായി |

## ഉത്തരവ്

ശ്രീ. ജയേഷ് കെ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെങ്കിലും ആയതിന് അപ്പീൽ അധികാരി വിവരങ്ങൾ നൽകാതെ

പൂർണ്ണമായും നിരസിച്ചു എന്നും ആയതിനാലാണ് കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിക്കുന്നതെന്നുമാണ്. ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം എതിർകക്ഷികൾക്ക് നൽകണമെന്നുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 09.11.2021 തീയതി സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്കുള്ള കെ.എ.എസ്. ഓഫീസർ (മെയിൻ) പരീക്ഷയുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് രജി.നം. S.104673 - ന്റെ താഴെ പറയുന്ന വിവരങ്ങളാണ്:

1) a. State marks awarded for aforementioned register number in Paper-1, Paper- 2, Pàper-3 and Interview each separately.
   b. Photo copy of Scoring Keys for valuation for each question, for the 3 papers namely Paper-1, Paper-2, Paper-3 K.A.S.(Main).
2) Whether such scoring keys are duly published or not? If not specify grounds for such non publication and so on numbering to 7 items.

3. മേൽപ്പടി അപേക്ഷയ്ക്ക് 06.12.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 27.12.2022 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയിലെ 1(എ), 1(ബി), 3, 4, 5 എന്നീ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം എസ്.പി.ഐ.ഒ.യ്ക്ക് നൽകണമെന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, കാറ്റഗറി നം.188/2019 തസ്തികയുടെ ഉത്തരക്കടലാസിന്റെ പകർപ്പിനായി 23.10.2021 തീയതിയിൽ 1005/- രൂപ ഫീസ് ഒടുക്കി സമർപ്പിച്ച അപേക്ഷയിന്മേൽ ഉത്തരക്കടലാസിന്റെ ഇമേജ് അയയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ടെന്നും ആയത് പൂർത്തിയാലുടൻ രജിസ്റ്റേർഡ് തപാലിൽ ലഭ്യമാക്കുന്നതാണെന്നും ചോദ്യം 6, 7 –ന് 18/12/2020 തീയതിയിൽ പ്രസിദ്ധീകരിച്ച കെ.എ.എസ്. തസ്തികയുടെ പ്രൊവിഷണൽ പ്രിലിമിനറി ലിസ്റ്റിൽ റീചെക്കിംഗ് വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരുന്നു എന്നും ടി ലിസ്റ്റിൽ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്ത തീയതി മുതൽ 15 ദിവസം (on or before 1.1.21) ആയതിലേയ്ക്ക് അനുവദിച്ചിരുന്നു എന്നും റീവാല്യുഷൻ അനുവദനീയമല്ല എന്നുള്ള വ്യവസ്ഥയും ടി ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും പ്രാഥമിക വിവരാവകാശ അപേക്ഷയിലെ ബാക്കിയുള്ള ചോദ്യങ്ങൾക്ക് എസ്.പി.ഐ.ഒ. നൽകിയ വിവരങ്ങൾ നിയമപരവും വസ്തുനിഷ്ഠവുമാണെന്ന് ശരിവച്ചുകൊണ്ടും അപ്പീലിന്മേൽ മറ്റ് നടപടികൾ ശേഷിക്കാത്തതിനാൽ ആയത് തീർപ്പാക്കുന്നുവെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 08.06.2022 തീയതി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം എസ്.പി.ഐ.ഒ. മുമ്പാകെ സമർപ്പിച്ച പ്രാഥമിക വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്കുള്ള കെ.എ.എസ്. ഓഫീസർ (ജൂനിയർ ടൈം സ്കെയിൽ) ട്രെയിനീ (കാറ്റഗറി നം.188/2019) സ്ട്രീം-III തസ്തികയുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മെയിൻ പരീക്ഷയുടെ ഉത്തരക്കടലാസിന്റെ പകർപ്പ്, പുന:പരിശോധന, ഉത്തരസൂചികയുടെ പകർപ്പ്. തുടങ്ങിയവ സംബന്ധിച്ച വിവരങ്ങളും, രേഖകളും നൽകണമെന്നാണ്. കൂടാതെ രേഖകളുടെ പകർപ്പിനായി 700/- രൂപ മുൻകൂറായി ട്രഷറിയിൽ ഒടുക്കിയ ചലാനും പ്രാഥമിക അപേക്ഷയോടൊപ്പം ഹാജരാക്കിയിരുന്നു എന്നും പ്രസ്തുത വിവരാവകാശ അപേക്ഷ പരിശോധിച്ച എസ്.പി.ഐ.ഒ. അപേക്ഷകൻ ഉന്നയിച്ച ചോദ്യങ്ങൾക്ക് കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തി 6.12.2021 തീയതി സമയബന്ധിതമായി മറുപടി നൽകിയിരുന്നു എന്നും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന വിവരണാത്മക എഴുത്തു പരീക്ഷയുടെ ഉത്തരസൂചികകൾ പ്രസിദ്ധീകരിക്കുന്നില്ല എന്നും രഹസ്യ സ്വഭാവമുള്ളതിനാൽ ഉത്തരസൂചികയുടെ പകർപ്പുകൾ കൈമാറുവാൻ നിർവ്വാഹമില്ല എന്നും കമ്മീഷൻ നടത്തുന്ന വിവരണാത്മക എഴുത്ത് പരീക്ഷകളുടെ ഉത്തരക്കടലാസുകൾ വ്യക്തിപരമായി പരിശോധിക്കുവാൻ അനുവദിക്കുന്നതല്ലായെന്നും മറുപടി കത്തിൽ എസ്.പി.ഐ.ഒ. അറിയിച്ചിരുന്നു എന്നും എസ്.പി.ഐ.ഒ. നൽകിയ വിവരങ്ങളിൽ മേൽ കെ.എ.എസ്. ഓഫീസർ സ്ട്രീം-III പരീക്ഷയുടെ ഉത്തരക്കടലാസിന്റെ പുന:പരിശോധന, ഉത്തരസൂചികയുടെ പകർപ്പ് തുടങ്ങിയവ സംബന്ധിച്ച വിവരങ്ങളാണ് അപ്പീൽ അധികാരി മുമ്പാകെ ആവശ്യപ്പെട്ടതെന്നും കാറ്റഗറി നം. 188/2019-ലെ ടിയാന്റെ ഉത്തരക്കടലാസിന്റെ ഇമേജ് അയയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നുണ്ടെന്നും ആയത് പൂർത്തിയായാലുടൻ ലഭ്യമാകുന്നതാണെന്നും അപ്പീലിലെ 6, 7 ചോദ്യങ്ങൾക്ക് റീചെക്കിംഗ്, റീവാല്യൂഷൻ എന്നിവ സംബന്ധിച്ച നിലവിലെ വ്യവസ്ഥകൾ വ്യക്തമാക്കികൊണ്ടും അപേക്ഷയിലെ മറ്റ് ചോദ്യങ്ങൾക്ക് എസ്.പി.ഐ.ഒ. നൽകിയ വിവരങ്ങൾ ശരിവച്ച് അപ്പീലിന് മറുപടി നൽകിയിരുന്നു. എന്നും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകളുടെ ഉത്തരക്കടലാസുകൾ ഉദ്യോഗാർത്ഥിക്ക് നേരിട്ട് പരിശോധിക്കുന്നതിന് നിയമം അനുവദിക്കുന്നില്ലെന്നും കെ.എ.എസ്. ഓഫീസർ ട്രെയിനി സ്ട്രീം-3 തസ്തികയ്ക്ക് 8.10.21-ൽ നിലവിൽ വന്ന 362/2021/എസ്.എസ്.-4 നമ്പർ റാങ്ക് പട്ടികയ്ക്ക് അനുബന്ധമായി ചേർത്തിട്ടുള്ള നോട്ട് 4-ൽ വ്യക്തമാക്കിയിട്ടുണ്ടെന്നും കെ.എ.എസ്. ഓഫീസർ (കാറ്റഗറി നം.188/19) തസ്തികയുടെ ഉത്തരക്കടലാസിന്റെ പകർപ്പിനുവേണ്ടി 23.10.21 തീയതിയിൽ 1005/- രൂപ ഫീസ് ഒടുക്കി അപേക്ഷ

സമർപ്പിച്ചിരുന്നു എന്നും പ്രസ്തുത ഉത്തരക്കടലാസിന്റെ പകർപ്പ് 5.2.2022 തീയതിയിൽ രജിസ്റ്റേർഡ് തപാൽ മുഖാന്തിരം ടിയാന് അയച്ചു കൊടുത്തിട്ടുണ്ടെന്നും കെ.എ.എസ്. മെയിൻ പരീക്ഷയിലെ ഉത്തരസൂചിക സംബന്ധിച്ച വിഷയം ഒരു ആർഗ്യുമെന്റായി ഉന്നയിച്ച് ബഹു. കെ.എ.റ്റി മുമ്പാകെ രണ്ട് ഉദ്യോഗാർത്ഥികൾ ഫയൽ ചെയ്ത ഒ.എ.1611/2021, ഒ.എ.1672/2021 എന്നീ കേസുകൾ നിലവിലുണ്ടെന്നും പ്രസ്തുത രണ്ട് കേസുകളിലും 6.6.2022 വരെ തീർപ്പുകൽപ്പിച്ചിട്ടില്ലെന്നും പൊതുഭരണ (ഏകോപനം) വകുപ്പിന്റെ 18.2.22 തീയതിയിലെ സിഡിഎൻ5/24/21/പൊഭവ നമ്പർ സർക്കുലർ പ്രകാരം സർക്കാർ ഫീസ് നിശ്ചയിച്ച് നൽകി വരുന്ന രേഖകൾ വിവരാവകാശ നിയമപ്രകാരം അപേക്ഷകർ ആവശ്യപ്പെട്ടാലും അത്തരം രേഖകൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ് ഈടാക്കി മാത്രമേ അപേക്ഷകർക്ക് നൽകുവാൻ പാടുള്ളുവെന്ന് വ്യവസ്ഥയുണ്ടെന്നുമാണ്. ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച പ്രാഥമിക അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും ലഭ്യമായ വിവരം കൃത്യമായി നിശ്ചിത സമയപരിധിക്കുള്ളിൽ നൽകിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഹർജിക്കാരനേയും എതിർകക്ഷികളേയും നേരിട്ട് കേട്ടതിന്റെയും അടിസ്ഥാനത്തിൽ ലഭ്യമായ വിവരങ്ങൾ ഹർജിക്കാരന് എതിർകക്ഷികൾ നൽകിയിട്ടുള്ളതായി കാണുന്നു. വിവരണാത്മക ഉത്തരസൂചിക പ്രസിദ്ധീകരിക്കുന്നതും, ഉത്തരക്കടലാസ് പരിശോധിക്കാൻ ഉദ്യോഗാർത്ഥിയെ അനുവദിക്കുന്ന വ്യവസ്ഥയും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് നിയമാനുസരണം അനുവദനീയമല്ലായെന്നുള്ള എതിർകക്ഷികളുടെ വാദം കമ്മീഷന് ബോധ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ, ഭരണഘടനാ സ്ഥാപനമായ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം, വിവരണാത്മക ഉത്തരസൂചിക പ്രസിദ്ധീകരിക്കുന്നതും ഉത്തരക്കടലാസ് ഉദ്യോഗാർത്ഥികൾ പരിശോധിക്കുന്നതും അനുവദനീയമല്ലായെന്ന് ഹർജിക്കാരനെ ബോധ്യപ്പെടുത്തുന്നതിന് ടി ചട്ടങ്ങൾ/സർക്കുലർ/മറ്റേതെങ്കിലും ഉത്തരവുകൾ നിലവിലുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ഹർജിക്കാരന് അയച്ചു നൽകണമെന്ന് കമ്മീഷൻ എതിർകക്ഷികളോട് നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ജൂലൈ 21-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

Sd/-

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM